**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** **23-01-2025 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ശല്യം ഒഴിവാക്കാൻ ശാശ്വതനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം പെരുകി വരുന്നതും അവ ആക്രമണകാരികൾ ആകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തെരുവുനായ്ക്കളുടെ ശല്ല്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ നിരവധി പേർ മരണപ്പെടാനിടയായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | തെരുവ് നായ ശല്യം സർക്കാർ ഗൗരവമായി തന്നെയാണ് കാണുന്നത്.<br><br>തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുക, തെരുവുനായ്ക്കളിലും വളർത്തു നായ്ക്കളിലും ഉണ്ടായേക്കാവുന്ന പേവിഷബാധ തടയുക എന്നീ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നല്കുന്നത്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ സർക്കാർ പാലിക്കേണ്ടതുണ്ട്.<br><br>സർക്കാരിന്റെ 23.08.2022 ലെ സ.ഉ (സാധാ) നം. 2065/2022/LSGD, 15.09.2022 ലെ സ.ഉ (സാധാ) നം. 2244/2022/LSGD എന്നീ ഉത്തരവുകൾ പ്രകാരം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരികയും ചെയ്യുന്നു. നിലവിൽ സംസ്ഥാനത്ത് |

15 എ.ബി.സി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. പുതിയ കേന്ദ്രങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. 5 സെന്ററുകൾക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ, വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തി വരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ്, 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേയ്ക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി പ്രോഗ്രാം, റാബീസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 47.60 കോടി രൂപ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്.

പേവിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തു നായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തി വരുന്നു. പൊതുജനങ്ങളിൽ പേവിഷബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് മുഖേന പരിശീലനങ്ങൾ നൽകുകയും വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഇവ കൂടാതെ തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുന്നതിനായി മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവു മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പു വരുത്തുയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്ററിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ

| | | | |
|---|---|---|---|
| | | | പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ആയതിന് ഉത്തരവാദികളായവരിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കി വരുന്നുണ്ട്. |
| (സി) | പൊതുസ്ഥലങ്ങളിൽ തെരുവ് നായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ശാശ്വതമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുക, തെരുവുനായ്ക്കളിലും വളർത്തു നായ്ക്കളിലും ഉണ്ടായേക്കാവുന്ന പേവിഷബാധ തടയുക എന്നീ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻതൂക്കം നല്കുന്നത്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ സർക്കാർ പാലിക്കേണ്ടതുണ്ട്.<br><br>സർക്കാരിന്റെ 23.08.2022 ലെ സ.ഉ (സാധാ) നം. 2065/2022/LSGD, 15.09.2022 ലെ സ.ഉ (സാധാ) നം. 2244/2022/LSGD എന്നീ ഉത്തരവുകൾ പ്രകാരം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരികയും ചെയ്യുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. പുതിയ കേന്ദ്രങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. 5 സെന്ററുകൾക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ, വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തി വരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ്, 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേയ്ക്ക് എല്ലാ തദ്ദേശ |

| | | | | |
|---|---|---|---|---|
| | | | | സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി പ്രോഗ്രാം, റാബീസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 47.60 കോടി രൂപ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്.<br><br>പേവിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തു നായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തി വരുന്നു. പൊതുജനങ്ങളിൽ പേവിഷബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ് മുഖേന പരിശീലനങ്ങൾ നൽകുകയും വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.<br><br>ഇവ കൂടാതെ തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുന്നതിനായി മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവു മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പു വരുത്തുകയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്ററിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ആയതിന് ഉത്തരവാദികളായവരിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ